# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


**പി.ആർ.ഒ./39/260/2018** **2018 ഡിസംബർ 4**

## എം.ജി. വാർത്താക്കുറിപ്പ്

---

## പരീക്ഷ തീയതി

മൂന്നാംവർഷ ബി .എസ്‌സി. മെഡിക്കൽ മൈക്രോ ബയോളജി (പുതിയ സ്‌കീം-2015 അഡ്മിഷൻ റഗുലർ) ബിരുദ പരീക്ഷകൾ ഡിസംബർ 14ന് ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ ആറു വരെയും 500 രൂപ പിഴയോടെ ഡിസംബർ ഏഴിനും 1000 രൂപ സൂപ്പർ ഫൈനോടെ ഡിസംബർ 10 വരെയും അപേക്ഷിക്കാം.

അഫിലിയേറ്റഡ് കോളജുകളിലെയും ഡിപ്പാർട്ട്‌മെന്റിലും രണ്ടാം സെമസ്റ്റർ ബി .എൽ.ഐ.സി.(2017 അഡ്മിഷൻ റഗുലർ, 2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളും ഡിപ്പാർട്ട്‌മെന്റിലെ രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.സി. ( 2016 അഡ്മിഷൻ സപ്ലിമെന്ററി ) പരീക്ഷകളും ഡിസംബർ 19 മുതൽ ആരംഭിക്കും . പിഴയില്ലാതെ ഡിസംബർ ആറു വരെയും 500 രൂപ പിഴയോടെ ഡിസംബർ ഏഴിനും 1000 രൂപ സൂപ്പർ ഫൈനോടെ ഡിസംബർ 10 വരെയും അപേക്ഷിക്കാം.

## പ്രാക്ടിക്കൽ

2018 ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി .എസ് സി . സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 11 മുതൽ 13 വരെ അതത് കോളജുകളിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

തൃപ്പൂണിത്തുറ ആർ .എൽ.വി. കോളജിൽ 2018 ഒക്ടോബർ/നവംബറിൽ നടന്ന ബി .എ. അഞ്ചാം സെമസ്റ്റർ(സി.ബി.സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ (സി.ബി.സി.എസ്. റഗുലർ, സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) ഭരതനാട്യം, മോഹിനിയാട്ടം പരീക്ഷകളുടെ ഭരതനാട്യം , മോഹിനിയാട്ടം, അഭിനയസംഗീതം പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 12 മുതൽ ഡിസംബർ 21 വരെ കോളജിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ.

## അപേക്ഷ തീയതി

രണ്ടാം സെമസ്റ്റർ എം .ഫിൽ ബിസിനസ് സ്റ്റഡീസിന്റെ പ്രോജക്ട് ഇവാലുവേഷനും വൈവാവോസി പരീക്ഷകൾക്കും ഡിസംബർ 12 വരെ പിഴയില്ലാതെ അപേക്ഷിക്കാം. 500 രൂപ പിഴയോടെ ഡിസംബർ 13നും 1000 രൂപ സൂപ്പർ ഫൈനോടെ ഡിസംബർ 15 വരെയും അപേക്ഷിക്കാം.

## അക്കാദമിക കലണ്ടർ

ബി.എഡ്. സ്‌പെഷൽ എജ്യൂക്കേഷൻ (ഇന്റലെക്ച്വൽ ഡിസെബിലിറ്റി ആൻഡ് ലേണിങ് ഡിസെബിലിറ്റി) പ്രോഗ്രാം 2017-19 ബാച്ചിന്റെ മൂന്ന്, നാല് സെമസ്റ്ററുകളുടെയും 2018-20 ബാച്ചിന്റെ ഒന്നു മുതൽ നാലുവരെയുള്ള സെമസ്റ്ററുകളുടെ യും അക്കാദമിക കലണ്ടർ പ്രസിദ്ധീകരിച്ചു . വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ.

## ബിരുദാനന്തര ബിരുദ പാഠ്യപദ്ധതി

## പരിഷ്കരണം; ശില്പശാല ഇന്നു മുതൽ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിരുദാനന്തര ബിരുദ (സി.എസ്.എസ്.) പാഠ്യപദ്ധതിയുടെ പരിഷ് ക്കരണവുമായി ബന്ധപ്പെട്ട ത്രിദിന ശിൽപശാല ഇന്ന് (ഡിസംബർ 5) ആരംഭിക്കും. രാവിലെ 10.45ന് സർവകലാശാല അസം ബ്ലി ഹാളിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് ശിൽപശാല ഉദ്ഘാടനം ചെയ്യും . രാവിലെ 9.30 മുതൽ രജിസ്ട്രേഷൻ ആരംഭിക്കും. ഡോ. സി. ജയിംസ്, ഡോ. ഗബ്രിയേൽ സൈമൺ തട്ടത്തിൽ എന്നിവർ വിഷയാവതരണം നടത്തും . ഡിസംബർ ഏഴുവരെയാണ് ശിൽപശാല . എല്ലാ പി .ജി. ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാരും വിദഗ്ധസമിതികളിലെയും ബോർഡ് ഓഫ് സ്റ്റഡീസിലെയും രണ്ട് അംഗങ്ങളും ശിൽപശാലയിൽ പങ്കെടുക്കണം.

## എം.ജി. സർവകലാശാല യൂണിയൻ

## ഉദ്ഘാടനം ഡിസംബർ ആറിന്

മഹാത്മാ ഗാന്ധി സർവകലാശാല യൂണിയന്റെ പ്രവർത്തനോദ്ഘാടനം ഡിസംബർ ആറിന് തൊടുപുഴ അൽ അസർ കോളജിൽ നടക്കും . രാവിലെ 10ന് യൂണിയൻ ഉദ്ഘാടനം ജോയിസ് ജോർജ് എം.പി. നിർവഹിക്കും. മാധ്യമപ്രവർത്തകനായ അഭിലാഷ് മോഹൻ മുഖ്യപ്രഭാഷണം നടത്തും. ചെയർമാൻ നിഖിൽ എസ്. നായർ അധ്യക്ഷത വഹിക്കും.

## രാജ്യാന്തര ജല സമ്മേളനം ഏഴു മുതൽ

## എം.ജി. സർവകലാശാലയിൽ

ജല മലിനീകരണം മുതൽ ശുദ്ധീകരണം വരെയുള്ള വിഷയങ്ങൾ ചർച്ചചെയ്യുന്ന രാജ്യാന്തര ജല കോൺഫറൻസ് ഡിസംബർ ഏഴു മുതൽ 10 വരെ മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കും . മഹാത്മാഗാന്ധി സർവകലാശാല എൻവയോൺമെന്റൽ സയൻസസും അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയോൺമെന്റൽ സ്റ്റഡീസ് ആൻഡ് സസ് റ്റൈനബിൾ ഡെവലപ് മെന്റുമാണ് കോൺഫറൻസ് സംഘടിപ്പിക്കുന്നത്. ഡിസംബർ ഏഴിന് രാവിലെ 8.45 ന് സ് കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും.

വിവിധ രാജ്യങ്ങളിൽനിന്നുള്ള വിദഗ്ധർ വിഷയാവതരണം നടത്തും . കാർഷിക, വ്യവസായ, ഗാർഹിക മേഖലകളിൽനിന്നുള്ള മലിനീകരണം , ജലശുദ്ധീകരണത്തിന് നാനോടെക് നോളജിയുടെ ഉപയോഗം, ബയോളജിക്കൽ ട്രീറ്റ് മെന്റ്സ് തുടങ്ങി ജലമലിനീകരണവുമായി ബന്ധപ്പെട്ടും ശുദ്ധീകരണവുമായി ബന്ധപ്പെട്ടുമുള്ള വിവിധ വിഷയങ്ങൾ ചർച്ചചെയ്യും.

അമേരിക്ക, ഇസ്രയേൽ, ജർമനി, ഫ്രാൻസ്, സ്പെയിൻ, ടുണീഷ്യ, ഓസ്ട്രേലിയ, സൗദി അറേബ്യ, ബ്രസീൽ, സ്ലോവേനിയ, നോർവേ, തായ്‌ലൻഡ്, ബ്രിട്ടൻ, ജപ്പാൻ, മലേഷ്യ, ഓസ്ട്രിയ, കാനഡ എന്നിവിടങ്ങളിൽനിന്ന് വിദഗ്ധരും പ്രതിനിധികളും പങ്കെടുക്കും.

## രാജ്യാന്തര കോൺഫറൻസ്

## ഡിസംബർ ഏഴു മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ് സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക് നോളജി സംഘടിപ്പിക്കുന്ന 'നാച്വറൽ പോളിമർ ' രാജ്യാന്തര കോൺഫറൻസ് ഡിസംബർ ഏഴു മുതൽ ഒമ്പതു വരെ സ് കൂൾ ഓഫ് കെ മിക്കൽ സയൻസസ്

ഓഡിറ്റോറിയത്തിൽ നടക്കും . രാവിലെ ഒമ്പതിന് സർവകലാശാല വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ നേതൃത്വം നൽകും . രാജ്യാന്തര ഗവേഷണ സാധ്യതകൾ പരിചയപ്പെടുത്തുന്ന 'ഹൊറൈസൺ 2020' ബ്രെയിൻ സ്ട്രോമിങ് പരിപാടിയും ഇതോടനുബന്ധിച്ച് നടക്കും.

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**